"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൂത്താല ഗ്രാമപഞ്ചായത്ത് - തൂത്താല സർക്കാർ ആശുപത്രി പുതിയ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനവുമായി ബന്ധപ്പെട്ട ചെലവുകൾ - തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.45/2026/LSGD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:- 1. തൂത്താല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.08.2025 തീയതിയിലെ എസ്.സി.1/4078/2025 നമ്പർ കത്ത്.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 26-11-2025 തീയതിയിലെ LSGD/PD/34114/2025-DPLA1 നമ്പർ കത്ത്.

**ഉത്തരവ്**

2024 ജൂൺ 28-ന് നടന്ന തൂത്താല സർക്കാർ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനത്തിന്റെ ഭാഗമായി പുതിയ കെട്ടിടം നിലവിൽ വരുന്ന സ്ഥലം നിർമ്മാണ പ്രവൃത്തിയുക്തകുംവിധം ക്രമീകരിക്കുന്നതിന് 1,04,500/- (ഒരു ലക്ഷത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ ചെലവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ചെലവിന് അനുമതി നൽകണമെന്നുമുള്ള തൂത്താല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയും ബന്ധപ്പെട്ട രേഖകളും പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തു സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 ജൂൺ 28-ന് നടന്ന തൂത്താല സർക്കാർ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനവുമായി ബന്ധപ്പെട്ട 1,04,500/- (ഒരു ലക്ഷത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ ചെലവ് തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതുമായി ബന്ധപ്പെട്ട വരവ്/ചെലവ് കണക്കുകളുടെ ആധികാരികത ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി,തൃത്താല ഗ്രാമ പഞ്ചായത്ത്,പാലക്കാട്
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 06-01-2026 11:14:53

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.